ഇപ്പോൾ അന്താരാഷ്ട്ര വിമാനത്താവളമാക്കി മാറ്റിയെടുക്കുന്നതിനുവേണ്ടി ഉദ്ദേശിക്കുന്നതായ കൊച്ചി നഗരത്തെ ചരിത്ര പ്രസിദ്ധമായ മധുര റോഡുമായും തമിഴ്നാട് സംസ്ഥാനത്തിന്റെ മൂന്നിലൊന്നു പ്രദേശത്തെ നമ്മുടെ കൊച്ചി നഗരവുമായി ബന്ധപ്പെടുത്തുവാൻ കഴിയുന്നതുമായ കമ്പം, തേനി, ഡണ്ടിഗൽ, തിരുച്ചിറപ്പള്ളി തുടങ്ങിയ സ്ഥലങ്ങളെ നേരിട്ടു ബന്ധിപ്പിക്കുന്നതും തഞ്ചാവൂർ, നാഗപട്ടണം ജില്ലകളെ ബന്ധിപ്പിക്കാൻ കഴിയുന്നതുമായ ടൂറിസ്റ്റ് കേന്ദ്രങ്ങളായ ഇടുക്കി, മൂന്നാർ, തേക്കടി, കൊടൈക്കനാൽ എന്നിവയെക്കൂടി കൂട്ടി ഇണക്കാൻ കഴിയുന്നതും, സർവോപരി നമ്മുടെ കേരളത്തിലെ ഏറ്റവും പിന്നോക്ക ജില്ലയായ ഇടുക്കി ജില്ലയിലൂടെ കടന്നു പോകുന്നതുമായ കൊച്ചി-മധുര റെയിൽവേ യഥാർത്ഥ്യമാക്കുന്നതിനാവശ്യമായിട്ടുള്ള നടപടി സംസ്ഥാന ഗവൺമെന്റ് മുൻകൈ എടുത്ത്, കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി റെയിൽവേ ബോർഡിന്റെ പഴയ സർവ്വേ, കല്ലിടൽ ആദിയായവ നടന്നിട്ടുള്ളതിന്റെ പശ്ചാത്തലങ്ങളെ ബോധ്യപ്പെടുത്തി ഇതു യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ.നാണു) : സർ, കൊച്ചി നഗരവുമായി തേനി, ഡണ്ടിഗൽ, ത്രിച്ചി, തഞ്ചാവൂർ, മധുര എന്നീ സ്ഥലങ്ങളെ ബന്ധപ്പെടുത്തി ഒരു റെയിൽവേ ലൈൻ ആരംഭിക്കുന്നത് സംബന്ധിച്ച ഈ സബ്മിഷൻ വന്നതിനുശേഷമാണ് ഇതു സംബന്ധിച്ച് റെയിൽവേയുമായി ബന്ധപ്പെട്ടപ്പോൾ ഹൈറേഞ്ചിൽക്കൂടിയുള്ള ഒരു റെയിൽവേ ലൈനിന്റെ സർവ്വേ നടന്നു വരുന്നതായി അറിയാൻ കഴിഞ്ഞത്. പ്രസ്തുത ലൈൻ യാഥാർത്ഥ്യമാകുകയാണെങ്കിൽ തമിഴ്നാടിനും മേൽപ്പറഞ്ഞ പട്ടണങ്ങൾക്കും റെയിൽവേ ലൈൻ സ്ഥിതി ചെയ്യുന്ന കേരളത്തിലെ കിഴക്കൻ പ്രദേശങ്ങൾക്കും കൊച്ചിയുമായി ബന്ധപ്പെടാൻ കഴിയും. ഇതു ഹൈറേഞ്ചിന്റെ വികസനത്തിനും കൊച്ചിയുടെ വ്യവസായ വാണിജ്യത്തിന്റെ പുരോഗതിക്കും വളരെയധികം ഉപകാരമായേക്കും. റെയിൽവേയുടെ പരിഗണനയിൽ ഇരിക്കുന്ന ഒരു വിഷയമാണ് ഇത്. സർവ്വേ റിപ്പോർട്ട് വന്നതിനുശേഷമേ ലൈനിന്റെ പ്രായോഗികത എത്രമാത്രം ഉണ്ടെന്നു പറയാൻ കഴിയൂ. നടന്നുവരുന്ന സർവ്വേ ത്വരിതപ്പെടുത്തണമെന്ന് റെയിൽവേയോട് അഭ്യർത്ഥിക്കുന്നതാണ്.

മി.സ്പീക്കർ : ഇക്കാര്യം നമ്മുടെ സംസ്ഥാനത്തിലെ എം.പി.മാരുടെ ശ്രദ്ധയിൽകൊണ്ടുവരുകയും കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്യണം.

(17) സഹകരണ ബാങ്കുകളിലെ കളക്ഷൻ ഏജന്റുമാരുടെ സെക്രട്ടേറിയറ്റ് മാർച്ച്

ശ്രീ. എ. കണാരൻ : സർ, സഹകരണ ബാങ്കുകളിൽ കളക്ഷൻ ഏജന്റുമാരെന്ന നിലയിൽ ജോലി ചെയ്തു വരുന്ന പന്ത്രണ്ടായിരത്തോളം വരുന്ന ജീവനക്കാരുടെ അടിയന്തിര പ്രശ്നത്തിന് പരിഹാരം കാണുന്നതിന് ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുന്നതിനുവേണ്ടി ഇന്ന് സെക്രട്ടേറിയറ്റിന്റെ മുൻപിൽ സത്യാഗ്രഹ സമരം നടത്തുന്ന കാര്യം ഞാൻ അങ്ങയെ അറിയിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

1998 ആഗസ്റ്റ് മാസം മൂന്നാം തീയതി ഈ കളക്ഷൻ ഏജന്റുമാരുടെ സംഘടന സമരം നടത്തുകയും നിയമസഭയിൽ സബ്മിഷൻ ഉന്നയിക്കുകയും പരിഹാരം കാണുമെന്ന് ഉറപ്പു നൽകിയതുമാണ്. പക്ഷേ ഒന്നും നടന്നില്ല. രാവിലെ മുതൽ വൈകുന്നേരം വരെ കാൽ നടയായും സൈക്കിളിലും യാത്ര ചെയ്ത് ചില്ലറ തുകകൾ പിരിച്ചെടുത്ത് ബാങ്കുകൾക്ക് കോടിക്കണക്കിന് ആസ്തിയുണ്ടാക്കുന്ന കളക്ഷൻ ഏജന്റുമാരോടു നീതി കാണിക്കാൻ അങ്ങ് മുൻകൈ എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ ഏജന്റുമാരുടെ ജീവിതം പരമ ദയനീയമാണ്. ഒരു തുമ്പാ പണിക്കാരനു കിട്ടുന്ന വേതനം പോലും പത്തു പന്ത്രണ്ടു മണിക്കൂർ ജോലി ചെയ്താൽ ഇവർക്ക് കിട്ടുന്നില്ല എന്നുള്ള അവസ്ഥയാണ് നിലനിൽക്കുന്നത്. പത്തു-ഇരുപത്തിയഞ്ചു കൊല്ലം വരെ സർവ്വീസുള്ള ജീവനക്കാരോട്, പണമിടപാടുകാരോടു കാട്ടുന്ന പെരുമാറ്റം പോലും ഈ ബാങ്കിലെ ഭാരവാഹികൾ ഈ കളക്ഷൻ ഏജന്റുമാരോട് കാണിക്കുന്നില്ല എന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ. ബാങ്കുകൾ വലിയ തരത്തിലുള്ള കമ്മിഷനുകൾ നൽകി വരുന്നുണ്ട്. രണ്ടര ശതമാനം മുതൽ നാലു ശതമാനം വരെയാണ് നൽകി വരുന്നത്. ഒരു ഏകീകരണവുമില്ല. തോന്നുന്നതുപോലെ ബാങ്കുകൾ നൽകിവരുന്നു. അതു നീതീകരിക്കാൻ കഴിയുന്നില്ല. ഈ അവസ്ഥ മാറ്റണം. ശരാശരി രണ്ടായിരം മുതൽ നാലായിരം രൂപ വരെയും പ്രത്യേക പട്ടണങ്ങളിൽ അയ്യായിരം രൂപയിൽ കൂടുതലും ദിവസേന പിരിച്ച് ബാങ്കിനെ ഏൽപ്പിക്കുന്നു. അങ്ങനെ ബാങ്കിന്റെ ആസ്തി കോടിക്കണക്കിന് രൂപ വർദ്ധിക്കുന്നു. കിട്ടിയ കണക്കുകൾ പ്രകാരം മുന്നൂറും നാന്നൂറും കോടി രൂപയാണ് ലാഭമുണ്ടാക്കിക്കൊടുക്കുന്നത്. ഡെപ്പോസിറ്റു നൽകുന്നവർ കാലാവധിക്കു മുൻപ് തുക പിൻവലിച്ചാൽ കളക്ഷൻ ഏജന്റുമാർക്കു നൽകുന്ന തുക തട്ടിക്കിഴിച്ചാണ് നൽകി വരുന്നത്. ഈ ഡെപ്പോസിറ്റു ചെയ്ത തുകകൾ ബാങ്കുകൾ 18 ശതമാനത്തിന് ഗോൾഡ് ലോണായി നൽകി വരുന്നുണ്ട്. മറ്റു വിവിധ തരം കടമായി 12 ശതമാനം പലിശയ്ക്കു നൽകി വരുന്നു. വൻപിച്ച ലാഭമാണ് ബാങ്കിനു ലഭിച്ചു വരുന്നത്. കളക്ഷൻ ഏജന്റുമാരായ നമ്മുടെ പാവപ്പെട്ട ജീവനക്കാരോട് നീതി കാണിക്കാൻ അങ്ങു തയ്യാറാകണം. ഈ കളക്ഷൻ ഏജന്റുമാർ വിയർപ്പൊഴുക്കി അദ്ധ്വാനിച്ച് ഉണ്ടാക്കിയ ലാഭവിഹിതം അവർക്ക് ബോണസ്സായി നൽകുന്നില്ല. ഒരു വല്ലാത്ത അവസ്ഥായാണിത്. ബാങ്കുകളിലെ മറ്റു ജീവനക്കാർ മറ്റു വിശേഷ ദിവസങ്ങളിൽ ബോണസ്സിന്റെ നോട്ടുകെട്ടുകളുമായി സന്തോഷത്തോടുകൂടി വീട്ടിലും മറ്റു കടകളിലും പോകുമ്പോൾ കളക്ഷൻ ഏജന്റുമാർ നിരാശരായി കുടുംബത്തിൽ പോകുന്ന അവസ്ഥ ഇല്ലാതാക്കുവാൻ പോലും കഴിയുന്നില്ല. പരിഹാരം എത്രയും പെട്ടെന്നുണ്ടാകണം. ഒരു സ്ഥാപനത്തിലെ ജീവനക്കാരെ രണ്ടു തരക്കാരായി തിരിക്കാൻ പാടില്ല. പുതിയ നൂറ്റാണ്ടിന്റെ ഭാഗമായി ചില ബാങ്കുകൾ സമ്മാനം നൽകുന്നുണ്ട്. എച്ച്.എം.ടി വാച്ചുകൾ നൽകുന്നുണ്ട്. പക്ഷേ ഇതു കളക്ഷൻ ഏജന്റുമാർക്ക് നൽകുന്നില്ല. ഇതു പരിതാപകരമാണ്. വേദനാജനകമാണ്. കളക്ഷൻ ഏജന്റുമാർക്ക് കമ്മീഷൻ ഏകീകരിച്ചുകൊണ്ട്. അവർക്ക് നൽകുന്ന വിഹിതം 5 ശതമാനമായി വർദ്ധിപ്പിക്കണം. ക്ഷേമനിധി, പെൻഷൻ പദ്ധതി നടപ്പിലാക്കണം. അതിനുവേണ്ടി അങ്ങ് ഏറ്റവും വേഗത്തിൽ നടപടി എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, കമ്മീഷൻ ഏജന്റുമാർ സംഘങ്ങളിൽ റഗുലർ ജീവനക്കാരല്ല. ഇത്തരം കമ്മീഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ആരേയും റഗുലർ എംപ്ലോയീസായി അംഗീകരിക്കാനോ, റഗുലർ എംപ്ലോയീസിന് നൽകുന്ന ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനോ നിലവിൽ ഒരു വ്യവസ്ഥയുമില്ല. എഴുത്തു പരീക്ഷയും ഇന്റർവ്യൂവും നടത്തി നിയമിക്കപ്പെട്ട ജീവനക്കാരെപ്പോലെ കമ്മീഷൻ വ്യവസ്ഥയിൽ പ്രവർത്തിക്കുന്നവരെ കണക്കാക്കുവാനോ മറ്റ് ജീവനക്കാരെ കാറ്റഗറിയിലുൾപ്പെടുത്തി പ്രമോഷൻ നൽകുന്നതിനോ നിലവിൽ നിയമമില്ല. റഗുലർ എംപ്ലോയീസല്ലാത്തതിനാൽ വെൽഫയർ ഫണ്ട്, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ ഒരാനുകൂല്യവും അനുവദിക്കാൻ സാദ്ധ്യമാകാത്ത ഒരവസ്ഥയാണ് ഇന്നത്തെ സാഹചര്യത്തിലുള്ളത്. ഇവർക്ക് നൽകുന്നത് വളരെ നാളുകൾക്ക് മുമ്പ് നിശ്ചയിച്ചിട്ടുള്ള കമ്മീഷനാണ്. അവരുടെ സേവനം ഈ മേഖലയിൽ വളരെ പ്രയോജനകരവുമാണ്. കമ്മീഷൻ നിരക്ക് ഇപ്പോൾ നൽകുന്നത് അതാത് സംഘങ്ങളാണ്. എന്നാൽ ഈ നിരക്ക് പുതുക്കി നിശ്ചയിക്കാൻ കഴിയുമോയെന്നുള്ള കാര്യവും റഗുലർ എംപ്ലോയീസല്ലെങ്കിലും സഹകരണമേഖലയിൽ കമ്മീഷനടിസ്ഥാനത്തിൽ കാര്യമായ പങ്ക് വഹിക്കുന്ന ജീവനക്കാരുടെ ക്ഷേമത്തിന് ഏതുരൂപത്തിൽ, എന്ത് സഹായം നൽകാൻ കഴിയുമെന്നുള്ള കാര്യവും പരിശോധിച്ച് ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനു സഹകരണസംഘം രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതാണ്.

(18) വൈദ്യുതി ഉപഭോക്താക്കൾ അനുഭവിക്കുന്ന ബുദ്ധിമുട്ട്

ശ്രീ. കെ. മുഹമ്മദാലി : സർ, വൈദ്യുതിബോർഡ് ജനങ്ങൾക്കെതിരായി ഒരുതരം യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നതുപോലെയാണ്. അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ്, അഡീഷണൽ ബിൽ എന്നിങ്ങനെ ഓരോ നോട്ടീസ് വന്നു കൊണ്ടിരിക്കുകയാണ്. ഇത്ര പീഡനം ജനങ്ങൾക്കെതിരായിട്ട് വേണോ? മന്ത്രി നേരിട്ട് അതിനെക്കുറിച്ച് പരിശോധിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കൺസ്യൂമർ കാർഡുമായി ബന്ധപ്പെട്ട പ്രശ്നം നമ്മൾ സജീവമായി ചർച്ച ചെയ്ത പ്രശ്നമാണ്. അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റിനെക്കുറിച്ചും അഡീഷണൽ ബില്ലിനെക്കുറിച്ചും ഇലക്ട്രിസിറ്റി ബോർഡിൽ നിന്നുമയയ്ക്കുന്ന കടലാസ്സുകൾ എന്റെ കൈവശമുണ്ട്. അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ് ഒരാൾക്ക് 1,525 രൂപ, മറ്റൊരാൾക്ക് 4,449 രൂപ എന്നിങ്ങനെ അഡീഷണൽ ബില്ലുകൾ വന്നുകൊണ്ടിരിക്കുകയാണ്. ജനങ്ങൾക്ക് പരിശോധിക്കാനുള്ള അവസരവുമില്ല. അതുകൊണ്ട് അതിനെക്കുറിച്ച് അടിയന്തിരമായി ആത്മാർത്ഥമായി പരിശോധിച്ച് ഇത്തരം നോട്ടീസുകൾ നിർത്തിവയ്ക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, പ്രൊവിഷണൽ ഇൻവോയിസ് കാർഡ് സിസ്റ്റം നിലവിലുള്ള സെക്ഷനുകളിലെ വൈദ്യുതി ഉപഭോക്താക്കളുടെ പ്രതിമാസ ഉപയോഗത്തിന്റെയടിസ്ഥാനത്തിലാണ് ഇൻവോയിസ് കാർഡ് നൽകി വരുന്നത്. ഇതനുസരിച്ചുള്ള വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly